"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്- മൈനിങ് & ജിയോളജി- ജീവനക്കാര്യം- ഇടുക്കി, ആലപ്പുഴ, വയനാട് ജില്ലാ കാര്യാലയങ്ങളിൽ നിന്നും ഓരോ അസിസ്റ്റൻ്റ് ജിയോളജിസ്റ്റുമാരുടെ തസ്തികകൾ മലപ്പുറം, പാലക്കാട്, എറണാകുളം ജില്ലകളിലേയ്ക്ക് പുനർവിന്യസിച്ചും ഇടുക്കി, ആലപ്പുഴ, വയനാട് ജില്ലകളിലെ ജില്ലാ സ്ക്വാഡുകളുടെ ചുമതല അതാത് ജില്ല ജിയോളജിസ്റ്റുമാർക്ക് തന്നെ നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.319/2026/ID    തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:- മൈനിങ് & ജിയോളജി ഡയറക്ടറേറ്റിൽ നിന്നും 22/08/2025 തീയതിയിൽ ലഭ്യമാക്കിയ 2143/2025/ഇ1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മൈനിങ് &ജിയോളജി വകുപ്പിൻ്റെ സേവനങ്ങളിൽ പ്രധാനമായി നൽകുന്ന അനുമതികൾ 3 വർഷം വരെയുള്ള ഖനനത്തിനുള്ള ക്വാറിയിംഗ് പെർമിറ്റുകളും, 15 വർഷം വരെ കാലാവധിയുള്ള ക്വാറിയിംഗ് ലീസുകളും ധാതുസംഭരണത്തിനായുള്ള ഡീലേഴ്സ് ലൈസൻസും കോമേഴ്സ്യൽ കെട്ടിടനിർമ്മാണ ആവശ്യത്തിനായി ധാതു നീക്കം ചെയ്യുന്നതിനുള്ള അനുമതിയും ആണ്. വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളിലെ ജോലിഭാരം തമ്മിൽ വലിയ വ്യത്യാസം ഉണ്ടെങ്കിലും ടെക്നിക്കൽ ഉദ്യോഗസ്ഥരുടെ എണ്ണം ഏകദേശം ഒരുപോലെതന്നെയാണെന്നും ആയതിനാൽ മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലുള്ള ഉദ്യോഗസ്ഥർക്ക് വളരെയധികം ജോലിഭാരം ഉണ്ടാകുകയും ഓഫീസുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് നിരവധി പരാതികൾ വരികയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും 01.01.2025 ലെ ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ റിവ്യൂ മീറ്റിംഗിൽ ഈ ജില്ലകളിലേയ്ക്ക് കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിക്കണം എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നും കൂടാതെ എറണാകുളം ജില്ല ആഫീസിലെ ഒരു അസിസ്റ്റൻ്റ് ജിയോളജിസ്റ്റിനെ ലെയ്സൺ ഓഫീസറായി നിയമിച്ചിരിക്കുന്നതിനാൽ ജില്ലാ ഓഫീസിൽ ഒരു ഉദ്യോഗസ്ഥന്റെ സേവനം കുറവും ഉണ്ടായിട്ടുണ്ടെന്നും മൈനിങ് & ജിയോളജി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ താരതമ്യേന ജോലിഭാരം കുറഞ്ഞ ഇടുക്കി, ആലപ്പുഴ, വയനാട്

ജില്ലകളിൽ നിന്നും ഓരോ അസിസ്റ്റൻ്റ് ജിയോളജിസ്റ്റിനെറ തസ്തിക പുനഃക്രമീകരിച്ച് മലപ്പുറം, പാലക്കാട്, എറണാകുളം ജില്ലകളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അപ്രകാരം അസിസ്റ്റന്റ് ജിയോളജിസ്റ്റുമാരെ പുനക്രമീകരിക്കുന്ന സാഹചര്യത്തിൽ ഇടുക്കി, ആലപ്പുഴ, വയനാട് ജില്ലകളിലെ ജില്ലാ സ്ക്വാഡുകളുടെ ചുമതല അതാത് ജില്ല ജിയോളജിസ്റ്റുമാർക്ക് തന്നെ നൽകികൊണ്ട് ഉത്തരവാകണമെന്നും പരാമർശം (1) പ്രകാരം മൈനിങ് & ജിയോളജി വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോദിച്ചു. മൈനിങ് & ജിയോളജി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ താരതമ്യേന ജോലിഭാരം കുറഞ്ഞ ഇടുക്കി, ആലപ്പുഴ, വയനാട് ജില്ലകളിൽ നിന്നും ഓരോ അസിസ്റ്റൻ്റ് ജിയോളജിസ്റ്റിനെറ തസ്തിക മലപ്പുറം, പാലക്കാട്, എറണാകുളം ജില്ലകളിലേയ്ക്ക് പുനർവിന്യസിച്ചും അപ്രകാരം അസിസ്റ്റന്റ് ജിയോളജിസ്റ്റുമാരെ പുനക്രമീകരിക്കുന്ന സാഹചര്യത്തിൽ ഇടുക്കി, ആലപ്പുഴ, വയനാട് ജില്ലകളിലെ ജില്ലാ സ്ക്വാഡുകളുടെ ചുമതല അതാത് ജില്ല ജിയോളജിസ്റ്റുമാർക്ക് തന്നെ നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, മൈനിങ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, [illegible]), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള ,തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 13-03-2026 14:24:35
സെക്ഷൻ ഓഫീസർ

പകർപ്പ്:-
1. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി. എസ്.-ന്
2. വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ.- ക്ക്
3. വ്യവസായ (എ) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ.-ക്ക്
4. വ്യവസായ (എ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്